**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7999 | 24.07.12 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹന വകുപ്പിൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന**

ചോദ്യം
ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്താൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്; | (എ) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ റാങ്കിലോ അതിനു മുകളിലുള്ള റാങ്കിലോ ഉള്ള ടെക്നിക്കൽ ഓഫീസർമാർക്ക് പരിശോധന നടത്താവുന്നതാണ്. |
| (ബി) | വാഹനത്തിന്റെ ഫിറ്റ്നസ് പരിശോധനയ്ക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എത്രയാണ്; | (ബി) | പുതുതായി രജിസ്റ്റർ ചെയ്യുന്ന നോൺ ട്രാൻസ്പോർട്ട് വഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന 15 വർഷങ്ങൾക്ക് ശേഷമാണ് നടത്തുന്നത്. 15 വർഷം കഴിഞ്ഞ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓരോ 5 വർഷം കൂടുമ്പോഴും ഫിറ്റ്നസ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.<br>പുതുതായി രജിസ്റ്റർ ചെയ്യുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആദ്യം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ രണ്ട് വർഷത്തേക്കും, തുടർന്ന് ഓരോ വർഷത്തേക്കുമാണ് നൽകുന്നത്. |
| (സി) | സംസ്ഥാനത്ത് ആർ.ടി ആഫീസുകളിലും സബ് ആർ.റ്റി. ആഫീസുകളിലും ഒരു ദിവസം ശരാശരി എത്ര വാഹനങ്ങളുടെ പരിശോധന നടത്താറുണ്ട്; | (സി) | സംസ്ഥാനത്ത് മൊത്തം ആർ.ടി.ഓഫീസുകളിലും സബ് ആർ.ടി.ഓഫീസുകളിലും കൂടി ദിവസം |

| | | | |
|---|---|---|---|
| | | | ശരാശരി 7500 വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി പരിശോധന നടത്തുന്നുണ്ട്. |
| (ഡി) | ഉദ്യോഗസ്ഥരുടെ അഭാവം പരിശോധനയുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | ആയത് പരിഹരിക്കാൻ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ ? | (ഇ) | മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ